(എ) രാജപ്രമുഖൻ സ്റ്റേറ്റിൽനിന്നും വേറെ എവിടെയെങ്കിലും പോകുന്നതിനു് ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം വേണമെന്നു് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ഈ നിർദ്ദേശം ഉണ്ടായി ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഗവണ്മെൻറിനു് അറിവില്ല.

(ബി) ഒ ഉപചോദ്യത്തിന്റെ ഉത്തരം കൊണ്ടു് ഈ ചോദ്യത്തിന്റെ ആവശ്യം ഇല്ല.

ഇൻഡ്യൻ നിയമങ്ങൾ

*൪൫ (൪൯) ശ്രീ. വി. കെ. വഹീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിലും വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ട്രാൻസ്-ഫ്രെ പാർട്ടു് "ബിസ്റ്റേറ്റു്" ആക്ടു് പ്രകാരം ഈ സംസ്ഥാനത്തിനു ബാധകമാക്കിയ ഇൻഡ്യൻ നിയമങ്ങൾ ഇവിടെ നടപ്പാക്കുന്നതിനെസംബന്ധിച്ചു് ഈ ഗവണ്മെൻറുമായി മൻക്കൂട്ടി എന്തെങ്കിലും ആലോചിട്ടുണ്ടോ ?

(ബി) ഈ ഗവണ്മെൻറു് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

(സി) ഇൻഡ്യൻ സക്സഷൻ ആക്ടു് ഈ സംസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിനെ പ്രതിഷേധിച്ചു് എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ?

തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ): (എ) ഉണ്ടു്.

(ബി) ചില നിയമങ്ങളെപ്പറ്റി പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

(സി) ഇല്ല.

NEDUMANGAD ARUVIKARA ROAD

*49. [46] **Sri. Neelakantaru Pandarathil:** Will the hon. Minister for Public Works be pleased to state—

whether Government are in possession of representations from the public for the reopening of the Nedumangad—Aruvikara Road.

Minister for Public Works **(Sri. G. Chandrasekara Pillai):**

Yes. The matter is receiving the attention of Government.

തിരു-കൊച്ചി സംയോജനം

*൫൦ (൬൧) ശ്രീ. എസ്സു്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരു-കൊച്ചി സംയോജനം നടന്നതോടുകൂടി നിയമനിർമ്മാണത്തിനും ഐകരൂപ്യം ഉണ്ടായിട്ടുണ്ടോ ?

(ബി) ഉണ്ടായിട്ടില്ലെങ്കിൽ അതിനു കാരണം എന്തു് ?

തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: (എ) മിക്ക നിയമങ്ങൾക്കും ഐകരൂപ്യം വന്നിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly